(സി) വിലക്കയറ്റത്തിന്റെ തോത് 5% പരിഗണിക്കുമ്പോൾ യഥാർത്ഥ വാർഷിക അടങ്കൽ തുക താഴെപ്പറയും പ്രകാരമാണ് കണക്കാക്കുന്നത്:

2002-03	4031.62 കോടി രൂപ
2003-04	4339.05 ,,
2004-05	4675.80 ,,

(ഡി) സാമ്പത്തിക വളർച്ചയുടെ തോത് വിലക്കയറ്റത്തിന്റെ തോതുമായി കണക്കാക്കുമ്പോൾ സംസ്ഥാനത്ത് സാമ്പത്തിക തകർച്ചയുണ്ടായിട്ടില്ല.

ആശ്രിത നിയമന വ്യവസ്ഥകൾ

9 [782] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ആശ്രിത നിയമനത്തിനായി സമർപ്പിക്കപ്പെട്ട എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വകുപ്പ് തിരിച്ച് വിശദമാക്കാമോ;

(ബി) ആശ്രിത നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(സി) അർഹരായ ആശ്രിതർക്ക് നിയമനം ലഭിക്കുവാൻ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ആശ്രിത നിയമനം നടത്തുന്നതിനുള്ള നടപടിക്രമം വിവരിക്കുന്ന 24-5-1999-ലെ ജി. ഒ. (പി) നമ്പർ 12/99/ഉഭപവ ഉത്തരവിന്റെയും ഇതിൽ ചില ഭേദഗതികൾ നിർദ്ദേശിക്കുന്ന 18-11-1999-ലെ ജി. ഒ. (പി) നമ്പർ 24/99/ഉഭപവ, 15-7-2002-ലെ ജി. ഒ. (പി) നമ്പർ 37/2002/ഉഭപവ എന്നീ ഉത്തരവുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) ഉണ്ട്.

(ഡി) 24-5-1999-ലെ ജി. ഒ. (പി) നമ്പർ 12/99/ഉഭപവ ഉത്തരവിലെ 30 മുതൽ 39 വരെയുള്ള ഖണ്ഡികകളിലും ഖണ്ഡിക 41-ലും കാലതാമസം ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ അടങ്ങിയിരിക്കുന്നു. മാത്രമല്ല ആശ്രിത നിയമന വ്യവസ്ഥകൾ ലഘൂകരിക്കുന്ന കാര്യവും ആലോചിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly